# വിശ്വാസപരിശീലനകേന്ദ്രം

## തലശ്ശേരി അതിരൂപത

## ഈസ്റ്റർ പരീക്ഷ - 2023

ക്ലാസ്സ് : IV | സമയം : 2 മണിക്കൂർ

തീയതി : 15-04-2023 | മാർക്ക് : 70

**I പദപ്പെട്ടിയിൽ നിന്നും ശരിയായ ഉത്തരം എടുത്തെഴുതുക** 10

> പെസഹാത്തിരുന്നാൾ, മിശിഹാ, മെത്രാൻ,
> വി. കുർബാന, കൈവയ്പ് ശുശ്രൂഷ

1. സഭാശരീരത്തിന്റെ ശിരസ്സ് ആരാണ്?
2. പ്രാർത്ഥനയുടെ എല്ലാ ഘടകങ്ങളും ഉൾക്കൊള്ളുന്ന ഏറ്റവും ശ്രേഷ്ഠമായ പ്രാർത്ഥന ഏതാണ്?
3. ഈശോ വിശുദ്ധകുർബാന സ്ഥാപിച്ച ദിവസം ഏത്?
4. തിരുപ്പട്ട കൂദാശയിലെ പ്രധാന ഭാഗം ഏത്?
5. സൈത്ത് വെഞ്ചെരിപ്പ് കർമ്മം നടത്തുന്നതാര്?

**II എ - ബിയോട് ചേർക്കുക** 10

| | | | |
|---|---|---|---|
| 6. | കൂദാശ | - | മുന്തിരിച്ചെടി |
| 7. | മാമ്മോദിസ | - | മുമ്പിൽ വയ്ക്കപ്പെട്ടവൻ |
| 8. | പുരോഹിതൻ | - | വിശുദ്ധീകരിക്കുന്ന കർമ്മം |
| 9. | ഈശോ | - | സമർപ്പണം |
| 10. | കുർബാന | - | മുങ്ങുക |

**III പൂരിപ്പിക്കുക** 10

11. അനുരഞ്ജന കൂദാശയിൽ പാപത്തെക്കുറിച്ചുള്ള .............................. ആണ് ഏറ്റവും പ്രധാനം.
12. വിവാഹബന്ധം പവിത്രവും .................. മരണംവരെ വേർപെടുത്താനാവാത്തതുമായ ബന്ധമാണ്.
13. സ്നേഹം തന്നെയായ ദൈവത്തിന്റെ കല്പനകൾ ലംഘിക്കുന്നതാണ് .......................

14. ഈശോയുടെ ശരീരവും രക്തവും സ്വീകരിക്കുന്ന എല്ലാവരും ഈശോയുടെ ........................... പങ്കാളികളാകുന്നു.

15. കൂദാശകൾ കഴിഞ്ഞാൽ ക്രിസ്തുശിഷ്യരുടെ ജീവിതത്തെ ഏറ്റവും ധന്യമാക്കാൻ സഹായിക്കുന്നതാണ് ...........................

**IV ശരിയോ, തെറ്റോ എന്നെഴുതുക** **5**

16. ശ്ലീഹന്മാരിലൂടെ ഈശോ സഭയ്ക്ക് നൽകിയ അധികാരത്താലാണ് ഇന്ന് രോഗീലേപനമെന്ന കൂദാശ നൽകുന്നത്.

17. കൂദാശാനുകരണങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് ദൈവാലയ കൂദാശാ കർമ്മമാണ്.

18. മാരകമായ പാപങ്ങൾക്ക് അനുരഞ്ജന കൂദാശ വഴി മോചനം ലഭിക്കുകയില്ല.

19. ഈശോയുടെ ശരീരരക്തങ്ങൾ സ്വീകരിക്കുന്നതിന് നമുക്ക് വിശുദ്ധി ആവശ്യമാണ്.

20. തൈലാഭിഷേകം വഴി പരിശുദ്ധാത്മാവിന്റെ വരങ്ങളും ദാനങ്ങളും നമുക്ക് ലഭിക്കുന്നു.

**V പേരെഴുതുക** **5**

21. തലശ്ശേരി രൂപതയുടെ പ്രഥമ മെത്രാൻ?

22. പരിസ്ഥിതിയുടെ മധ്യസ്ഥൻ?

23. "ബൈബിൾ" എന്ന പദത്തിന്റെ അർത്ഥം?

24. വി. ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ ഡയറിക്കുറിപ്പിന്റെ പേരെന്ത്?

25. "തോമസ്" എന്ന പേരിന്റെ അരമായ ഭാഷയിലെ അർത്ഥമെന്ത്?

**VI ബൈബിൾ ഉദ്ധരണി പൂർത്തിയാക്കുക** **4**

26. "അനുതപിക്കുന്ന ഒരു പാപിയെകുറിച്ച് ......................... കൂടുതൽ ............................... ഉണ്ടാകും" (ലൂക്കാ 15:7).

27. "................... സംയോജിപ്പിച്ചത് ................. വേർപെടുത്താതിരിക്കട്ടെ" (മർക്കോ 10:9).

## VII ഉത്തരം എഴുതുക

28. വി. അൽഫോൻസാമ്മയുടെ ജീവിതസന്ദേശം എഴുതുക? **2**

29. വി. ചാവറയച്ചന്റെ പുണ്യവചനം എഴുതുക? **2**

30. വി. ഡൊമിനിക് സാവിയോയുടെ ജീവിതസന്ദേശം എഴുതുക? **2**

31. മധ്യസ്ഥ പ്രാർത്ഥന എന്നാൽ എന്ത്? നിങ്ങളുടെ മാതാപിതാക്കളെയും സഹോദരങ്ങളെയും ദൈവത്തിനു സമർപ്പിച്ചുകൊണ്ട് ഒരു പ്രാർത്ഥന തയ്യാറാക്കുക? **3**

32. തിരുപ്പട്ട കൂദാശ എന്നാൽ എന്ത്? **3**

33. വി. കൊച്ചുത്രേസ്യായുടെ പുണ്യവചനം എഴുതുക? ഉണ്ണീശോയുടെ കൈയിലെ കളിപ്പന്താണ് ഞാൻ എന്ന് കൊച്ചുത്രേസ്യാ പറയാനുള്ള കാരണങ്ങൾ എന്തെല്ലാമായിരുന്നു? **4**

34. വിശുദ്ധ കുർബാന യോഗ്യതയോടെ സ്വീകരിക്കാൻ വേണ്ട കാര്യങ്ങൾ എത്ര? ഏവ? **5**

35. രോഗികളോടുള്ള പ്രധാന ക്രൈസ്തവ ദൗത്യങ്ങൾ ഏവ? ഈശോയ്ക്കുവേണ്ടി രോഗികളെയും അനാഥരെയും സ്നേഹപൂർവ്വം ശുശ്രൂഷിച്ച വിശുദ്ധരെ അനുകരിച്ച് നിങ്ങളുടെ ഭവനത്തിലോ ഇടവകയിലോ രോഗികളായി കഴിയുന്ന വ്യക്തികളെ നിങ്ങൾക്ക് എങ്ങനെയെല്ലാം സഹായിക്കാൻ സാധിക്കും? **5**

# വിശ്വാസപരിശീലനകേന്ദ്രം
## തലശ്ശേരി അതിരൂപത
### ഈസ്റ്റർ പരീക്ഷ 2023

**ക്ലാസ്സ് : V** — **സമയം : 2 മണിക്കൂർ**
**തീയതി : 15-04-2023** — **മാർക്ക് : 70**

---

**I പദപ്പെട്ടിയിൽ നിന്നും ശരിയായ ഉത്തരം എടുത്തെഴുതുക** **5**

| |
|---|
| അമ്പതാം ദിവസം, സ്വർഗ്ഗം, ഈശോ, പ്രാർത്ഥന, അഹറോൻ |

1. പ്രവചനങ്ങളുടെ പൂർത്തീകരണം.
2. ദൈവവുമായുള്ള സംഭാഷണം.
3. 'പന്തക്കുസ്താ' എന്ന വാക്കിന്റെ അർത്ഥം.
4. നമ്മുടെ ജീവിത ലക്ഷ്യം.
5. മോശയുടെ സഹായി.

**II പൂരിപ്പിക്കുക** **5**

6. പുതിയ നിയമ ജനതയായ .................. ന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നവരാണ് സഭാ പ്രബോധകർ.
7. 'സാബത്ത്' എന്ന ഹീബ്രുപദത്തിന്റെ അർത്ഥം .................. എന്നാണ്.
8. പുതിയനിയമ ജനമായ സഭയെ നയിക്കുന്നത് പന്ത്രണ്ട് .............. അവരുടെ പിൻഗാമികളുമാണ്.
9. 'മന്നാ' എന്ന വാക്കിന്റെ അർത്ഥം ............... എന്നാണ്.
10. തേനും പാലും ഒഴുകുന്ന ദേശം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് ................... നിറഞ്ഞ നാട് എന്നാണ്.

**III എ - ബിയോട് ചേർക്കുക** **5**

| | | |
|---|---|---|
| 11. ഇമ്മാനുവേൽ | - | ഈശോ സഭ |
| 12. സുനാഗോ | - | സലേഷ്യൻ സഭ |
| 13. ജോൺ ബർക്കുമൻസ് | - | അഭിഷിക്തൻ |
| 14. മിശിഹാ | - | ഒന്നിച്ചുകൂടുക |
| 15. ഡോൺ ബോസ്കോ | - | ദൈവം നമ്മോടുകൂടെ |

## IV ഒറ്റവാക്കിൽ ഉത്തരമെഴുതുക 5

16. "അഗാപ്പെ" എന്ന പദത്തിന്റെ അർത്ഥം?
17. ഏഷ്യയിലെ ഏറ്റവും വലിയ അൽമായ സംഘടന ഏത്?
18. ഭാരതത്തിലെ പ്രഥമ അല്മായ രക്തസാക്ഷി?
19. "കേരള പഞ്ചക്ഷത" എന്ന അപരനാമത്തിൽ അറിയപ്പെടുന്ന വിശുദ്ധ ആര്?
20. "കന്തീശ" എന്ന സുറിയാനി പദത്തിന്റെ അർത്ഥമെന്ത്?

## V ശരിയോ തെറ്റോ എന്നെഴുതുക 5

21. 'ബഥേൽ' എന്ന വാക്കിന്റെ അർത്ഥം 'ദൈവവുമായി മൽപ്പിടുത്തം നടത്തുന്നവൻ' എന്നാണ്.
22. തങ്ങളെ സംരക്ഷിക്കുന്ന ദൈവത്തിലുള്ള വിശ്വാസം ഏറ്റുപറയുവാൻ ഇസ്രായേൽക്കാർ കൂടാരത്തിരുന്നാൾ ആചരിച്ചു.
23. 'അഭിഷേകം ചെയ്യുക' എന്നതിന്റെ അർത്ഥം 'ദൈവസേവനത്തിനായി സമർപ്പിക്കുക' എന്നാണ്.
24. ദൈവത്തിലുള്ള ശരിയായ വിശ്വാസം നിമിത്തമാണ് യാക്കോബ് 'വിശ്വാസികളുടെ പിതാവ്' എന്ന പദവിയിലേക്ക് ഉയർന്നത്.
25. ദൈവത്തിനും മനുഷ്യർക്കും പ്രീതികരമായ വിധത്തിൽ ജീവിക്കാൻ കല്പനകൾ നമ്മെ സഹായിക്കും.

## VI ബൈബിൾ ഉദ്ധരണി പൂർത്തിയാക്കുക 4

26. "ഞാൻ നിങ്ങളെ ............... സ്വീകരിക്കും; നിങ്ങളുടെ ...................... ആയിരിക്കുകയും ചെയ്യും" (പുറപ്പാട് 6:7).
27. "നിങ്ങൾ പൂർണ്ണഹൃദയത്തോടും ........... കൂടെ .............. സേവിക്കുവിൻ" (1 സാമുവൽ 12:24).

## VII ഉത്തരം എഴുതുക

28. അബ്രാഹത്തിന്റെ ജീവിതം നമുക്കു നൽകുന്ന സന്ദേശം എന്ത്? 2
29. ഫറവോയോട് പറയാൻ ദൈവം മോശയെ ഏല്പിച്ച കാര്യം എന്തായിരുന്നു? 2
30. ഇസ്രായേലിലെ പുരോഹിതന്മാർക്കുണ്ടായിരുന്ന ഉത്തരവാദിത്വങ്ങൾ എന്തെല്ലാം? 2

31. വി. ജോൺ ബർക്കുമൻസിന്റെ ജീവിതസന്ദേശം എഴുതുക? 2

32. വി. ഡോൺ ബോസ്കോയുടെ പുണ്യവചനം എഴുതുക? 2

33. പഴയനിയമ ജനതയുടെ ദൈവാനുഭവം നമ്മെ എപ്രകാരം സഹായിക്കും? 3

34. എന്തിനുവേണ്ടിയാണ് പ്രവാചകന്മാർ നിയോഗിക്കപ്പെട്ടത്? 3

35. ദൈവം മോശവഴി നൽകിയ പത്ത് പ്രമാണങ്ങളുടെ ഉള്ളടക്കം എന്തായിരുന്നു? 3

36. വി. ക്ലാരയുടെ പുണ്യവചനം എഴുതുക? വെല്ലുവിളികൾ സ്വീകരിച്ച് സന്യാസജീവിതം സ്വന്തമാക്കിയ വി. ക്ലാരയുടെ ജീവിതമാതൃക നിങ്ങൾ എപ്രകാരം അനുകരിക്കും? 4

37. ഉടമ്പടിയുടെ ജനത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം? 4

38. ക്രൈസ്തവർ ഞായറാഴ്ച വിശുദ്ധ ദിനമായി ആചരിക്കുന്നതിന്റെ കാരണമെന്ത്? ഞായറാഴ്ച ദിവസം നിങ്ങൾ എപ്രകാരം വിശുദ്ധ ദിനമായി ആചരിക്കും? 4

39. തിരുസഭയുടെ കല്പനകൾ എഴുതുക? 5

40. തിരുസഭയിലെ പ്രധാന തിരുനാളുകൾ ഏതെല്ലാം? തിരുനാളുകൾ നമ്മുടെ ആത്മീയ വളർച്ചയ്ക്ക് സഹായകമാകുന്നത് എങ്ങനെ? 5

# വിശ്വാസപരിശീലനകേന്ദ്രം
## തലശ്ശേരി അതിരൂപത
## ഈസ്റ്റർ പരീക്ഷ 2023

**ക്ലാസ്സ് : VI** | **സമയം : 2 മണിക്കൂർ**
**തീയതി : 15-04-2023** | **മാർക്ക് : 70**

---

**I പദപ്പെട്ടിയിൽ നിന്നും ശരിയായ ഉത്തരം എടുത്തെഴുതുക** **5**

| ദുഃഖവെള്ളി, ഏശയ്യാ, ഈശോസഭ, ബലിയർപ്പണം, വേനൽക്കാലം |
|---|

1. ''കൈത്താ'' എന്ന സുറിയാനി വാക്കിന്റെ അർത്ഥം?
2. ക്രിസ്തീയ ജീവിതത്തിന്റെ കേന്ദ്രം?
3. വി. ഇഗ്നേഷ്യസ് ലയോള സ്ഥാപിച്ച സന്യാസസമൂഹം.
4. ഈശോയുടെ പീഡാനുഭവത്തെയും കുരിശുമരണത്തെയും അനുസ്മരിക്കുന്ന ദിനം?
5. സിനഗോഗിൽവച്ച് ഈശോയ്ക്ക് വായിക്കുവാൻ ലഭിച്ചത് ഏത് പ്രവാചകന്റെ പുസ്തകമാണ്?

**II എ-ബിയോട് ചേർക്കുക** **5**

6. കുരിശിന്റെ പുകഴ്ച - ഗുരു
7. ദുക്റാനത്തിരുന്നാൾ - മതപഠനത്തിന്റെ പാപ്പ
8. റബ്ബോനി - സെപ്റ്റംബർ 14
9. ഉപവാസം - ജൂലൈ 3
10. വി. പത്താം പിയൂസ് - കൂടെ വസിക്കൽ

**III പൂരിപ്പിക്കുക** **5**

11. സുവിശേഷ സന്ദേശത്തിന്റെ ലക്ഷ്യം മനുഷ്യന്റെ ............. ആണ്.
12. ദൈവിക വെളിപ്പെടുത്തലിനുള്ള പ്രത്യുത്തരമാണ് ................
13. ഉയിർപ്പുതിരുന്നാളിന് ശേഷമുള്ള ഞായറാഴ്ചയെ ............... എന്നാണ് വിളിക്കുന്നത്.

14. ഈശോയുടെ മാമ്മോദീസ അനുസ്മരിക്കുന്ന തിരുനാൾ .............. എന്നറിയപ്പെടുന്നു.

15. ഈശോ ചെയ്ത അത്ഭുതങ്ങളിലൂടെ അവിടുന്ന് തന്നിലെ .............. ആണ് വെളിപ്പെടുത്തിയത്.

**IV സംഭവങ്ങൾ ക്രമത്തിലെഴുതുക (നമ്പർ എഴുതുക) 5**

16. a) അഗ്നിജ്വാലകൾ പോലുള്ള നാവുകൾ തങ്ങളോരോരുത്തരുടെയും മേൽ വന്നു നില്ക്കുന്നതായി അവർ കണ്ടു.

b) ആത്മാവ് കൊടുത്ത ഭാഷണവരമനുസരിച്ച് അവർ വിവിധ ഭാഷകളിൽ സംസാരിക്കാൻ തുടങ്ങി.

c) പന്തക്കുസ്താദിനം സമാഗതമായി. ഉന്നതത്തിൽ നിന്നുള്ള ശക്തി നേടാനായി പരിശുദ്ധ അമ്മയോടൊപ്പം ശിഷ്യന്മാർ പ്രാർത്ഥിച്ച് കാത്തിരിക്കുകയായിരുന്നു.

d) പെട്ടെന്ന് കൊടുങ്കാറ്റടിക്കുന്നത് പോലെയുള്ള ഒരു ശബ്ദം. അത് അവർ സമ്മേളിച്ചിരുന്ന വീടു മുഴുവൻ നിറഞ്ഞു.

e) അവരെല്ലാവരും പരിശുദ്ധാത്മാവിനാൽ നിറഞ്ഞു.

**V ഒറ്റവാക്കിൽ ഉത്തരമെഴുതുക 5**

17. അപ്പസ്തോലന്മാരിൽ ആദ്യ രക്തസാക്ഷി?
18. സീറോമലബാർ സഭയിൽ സഭാദിനമായി ആചരിക്കുന്നത് എന്ന്?
19. "കേരള കർമ്മലകുസുമം" എന്ന അപരനാമത്തിൽ അറിയപ്പെടുന്ന വിശുദ്ധ?
20. "മിഷനറി" എന്ന പദത്തിന് സമാനമായ സുറിയാനി പദമേത്?
21. ഇന്ത്യയിലെ ആദ്യത്തെ സഞ്ചാരകൃതി ഏത്?

**VI ബൈബിൾനിന്ന് ഉദ്ധരിക്കുക 4**

22. "നീ എന്നെ കണ്ടതുകൊണ്ട് ........................... കാണാതെ തന്നെ .................... ഭാഗ്യവാന്മാർ" (യോഹ 20:29).

23. "മറ്റുള്ളവരുടെ തെറ്റുകൾ ........................ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ .................. ക്ഷമിക്കും" (മത്താ 6:14).

## VII ഉത്തരം എഴുതുക

24. എമ്മാവൂസിലേക്ക് പോയ ശിഷ്യന്മാരുടെ ചർച്ചാവിഷയം എന്തായിരുന്നു? **2**
25. വി. മാർട്ടിൻ ഡി പോറസിന്റെ സന്ദേശവും, തിരുനാൾ ദിനവും എഴുതുക? **2**
26. അലസതയെ വെറുത്തിരുന്ന വ്യക്തിയായിരുന്നു വി. ഇഗ്നേഷ്യസ് ലയോള. സമർത്ഥിക്കുക? നിങ്ങൾക്ക് എപ്രകാരം വിശുദ്ധന്റെ ജീവിത മാതൃക നിങ്ങളുടെ ജീവിതത്തിൽ പ്രാവർത്തികമാക്കാൻ സാധിക്കും? **3**
27. പിച്ചള സർപ്പത്തിന്റെ പ്രതിരൂപം ഈശോയിൽ അന്വർത്ഥമായത് എങ്ങനെ? **3**
28. പ്രാർത്ഥനയും പരസ്നേഹപ്രവൃത്തികളും ഒരുമിപ്പിച്ച് കൊണ്ടുപോയ വിശുദ്ധയാണ് വി. മറിയം ത്രേസ്യ. വിശദമാക്കുക. **3**
29. ശ്ലീഹാകാലത്ത് അനുസ്മരിക്കുന്ന പ്രധാന രഹസ്യങ്ങൾ ഏവ? **4**
30. രക്ഷകന്റെ വരവിനെക്കുറിച്ചുള്ള പ്രതീക്ഷ ഇസ്രായേലിലുണർത്തിയ പ്രവചനങ്ങളിൽ രണ്ടെണ്ണം വിവരിക്കുക? **4**
31. ഉത്ഥിതനായ ഈശോ ശിഷ്യന്മാർക്ക് നൽകിയ ദൗത്യം എന്ത്? ഈ ദൗത്യം നിങ്ങളുടെ ജീവിത സാഹചര്യത്തിൽ നിങ്ങൾക്ക് എങ്ങനെയെല്ലാം നിർവ്വഹിക്കുവാൻ സാധിക്കും? **5**
32. വി. കുർബാന യോഗ്യതയോടെ സ്വീകരിക്കാൻ വേണ്ട കാര്യങ്ങൾ എത്ര? ഏവ? **5**
33. വി. കുർബാനയിൽ ഈശോ എപ്രകാരം സന്നിഹിതമായിരിക്കുന്നു? വി. കുർബാനയിലുള്ള ഇപ്പോഴത്തെ നിങ്ങളുടെ പങ്കാളിത്തം എങ്ങനെയുള്ളതാണ്. വി. കുർബാനയിൽ സജീവമായി പങ്കെടുക്കുവാൻ നിങ്ങൾ എന്തെല്ലാം ചെയ്യും? **5**
34. അന്ത്യവിധിയിൽ നാം സമ്മാനത്തിനോ ശിക്ഷയ്ക്കോ അർഹരാകുന്നത് എന്തടിസ്ഥാനത്തിലാണ്? സ്വർഗ്ഗം ലക്ഷ്യമാക്കിയുള്ള ജീവിതത്തിൽ നിങ്ങൾക്ക് എപ്രകാരം മറ്റുള്ളവരെ സഹായിച്ചും സ്നേഹിച്ചും ജീവിക്കാൻ സാധിക്കും? **5**

# വിശ്വാസപരിശീലനകേന്ദ്രം
## തലശ്ശേരി അതിരൂപത
## ഈസ്റ്റർ പരീക്ഷ 2023

**ക്ലാസ്സ് : VII** **സമയം : 2 മണിക്കൂർ**

**തീയതി : 15-04-2023** **മാർക്ക് : 70**

**I പദപ്പെട്ടിയിൽ നിന്ന് ശരിയായ ഉത്തരം എടുത്തെഴുതുക** **5**

| |
|---|
| ദ്രവ്യാസക്തി, വിശ്രമിക്കുക, ഹൃദയം, ആത്മഹത്യ, മലയിലെ പ്രസംഗം |

1. പത്താം പ്രമാണം വിലക്കുന്നത് എന്ത്?
2. നന്മ ചെയ്യാൻ പ്രചോദനം നല്കുന്നത്.
3. ഈശോയുടെ പ്രബോധനങ്ങളുടെ രത്നച്ചുരുക്കം.
4. "സാബത്ത്" എന്ന പദത്തിന്റെ അർത്ഥം.
5. സ്വന്തം ജീവനെ ബോധപൂർവ്വം നശിപ്പിക്കുന്നത്.

**II പൂരിപ്പിക്കുക** **5**

6. മാതാപിതാക്കളും മക്കളും പരസ്പരം .................. ഉം സഹകരിച്ചും കഴിയുന്ന കുടുംബങ്ങളാണ് ഉത്തമ കുടുംബങ്ങൾ.
7. പരസ്പരമുള്ള കടമകൾ പാലിക്കുക എന്നത് ..................... യുടെ അടിസ്ഥാനതത്വമാണ്.
8. സ്വന്തം സൗകര്യം വെടിഞ്ഞ് അപരന്റെ ആവശ്യം നിറവേറ്റാനുള്ള സൻമനസ്സാണ് .................. ത്തിന്റെ അടിത്തറ.
9. മിശിഹായും ....................... ഉം തമ്മിലുള്ള ബന്ധത്തെയാണ് വിവാഹബന്ധത്തിന്റെ മാതൃകയായി വി. പൗലോസ് ശ്ലീഹാ അവതരിപ്പിക്കുന്നത്.
10. സമൂഹത്തിന്റെ അടിസ്ഥാന ഘടകം ..................... ആണ്.

## III ചേരുംപടി ചേർക്കുക 5

| | | |
|---|---|---|
| 11. | വി. അലോഷ്യസ് ഗോൺസാഗ | - പാപത്തേക്കാൾ മരണം |
| 12. | മാമ്മോദീസാപ്പേര് | - സ്നേഹം |
| 13. | വി. അന്തോനീസ് | - പരിശുദ്ധ ത്രിത്വം |
| 14. | ദൈവപ്രമാണം | - യുവാക്കളുടെ മധ്യസ്ഥൻ |
| 15. | വി. മരിയഗൊരേത്തി | - മത്സ്യവും കഴുതയും |

## IV ഒറ്റവാക്കിൽ ഉത്തരമെഴുതുക 5

16. ഭാരതത്തിലെ പ്രഥമ അല്മായ രക്തസാക്ഷി?
17. "കേരള കർമ്മലകുസുമം" എന്ന അപരനാമത്തിൽ അറിയപ്പെടുന്ന വിശുദ്ധ?
18. സീറോമലബാർ സഭയുടെ ദൈവാലയത്തിൽ ദൈവജനം നില്ക്കുന്ന സ്ഥലത്തിന്റെ പേരെന്ത്?
19. "എക്ലേസിയ" എന്ന വാക്കിന്റെ അർത്ഥമെന്ത്?
20. സീറോമലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ്?

## V ശരിയോ തെറ്റോ എന്ന് എഴുതുക 5

21. സ്വയം വെളിപ്പെടുത്തുന്ന ദൈവത്തിന് തന്റെ സമ്പൂർണ്ണ സമർപ്പണത്തിലൂടെ മനുഷ്യൻ നൽകുന്ന പ്രത്യുത്തരമാണ് വിശ്വാസം.
22. ദൈവത്തെ സൂചിപ്പിക്കുന്ന "യാഹ്‌വേ" എന്ന പദം ഇസ്രായേൽക്കാർ സംസാരത്തിൽ ഉപയോഗിച്ചിരുന്നില്ല.
23. സ്വന്തം ബോധ്യത്തിനും അറിവിനും എതിരായി സംസാരിക്കുന്നതാണ് ഏഷണി.
24. സമ്പത്തിന്റെ യഥാർത്ഥ ഉടമസ്ഥൻ മനുഷ്യനാണ്.
25. പരിസ്ഥിതി മലിനീകരണവും പ്രകൃതിയെ ചൂഷണം ചെയ്യലും ജീവനെതിരെയുള്ള തിന്മകളാണ്.

## VI ബൈബിളിൽ നിന്ന് ഉദ്ധരിക്കുക 5

26. മനുഷ്യശരീരം ദൈവത്തിന്റെ ആലയമാണെന്ന് സൂചിപ്പിക്കുന്ന തിരുവചനം വി. പൗലോസ് ശ്ലീഹാ കോറിന്തോസുകാർക്കെഴുതിയ ഒന്നാം ലേഖനത്തിൽ നിന്ന് (1 കോറി 3:16).
27. സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതിനുള്ള മാനദണ്ഡമായി ഈശോ പറഞ്ഞിരിക്കുന്ന വചനം വി. മത്തായിയുടെ സുവിശേഷത്തിൽ നിന്ന് (മത്താ 7:21).

## VII ഉത്തരമെഴുതുക

28. വി. അലോഷ്യസ് ഗോൺസാഗയുടെ ജീവിതസന്ദേശം എഴുതുക? **2**
29. വിഗ്രഹാരാധന എന്നാൽ എന്ത്? **2**
30. സ്വർഗ്ഗരാജ്യം ഈ ലോകത്തിൽവച്ചുതന്നെ അനുഭവിക്കാൻ നാമെന്തു ചെയ്യണം? **2**
31. മോഷണം നടത്തിയ വ്യക്തി എങ്ങനെയാണ് പരിഹാരം ചെയ്യേണ്ടത്? **3**
32. ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും വിലക്കപ്പെട്ട വേലകൾ ചെയ്യരുത് എന്ന് പറയുന്നതിന്റെ അർത്ഥമെന്ത്? **3**
33. ക്രിസ്തുശിഷ്യൻ നേടാനിരിക്കുന്ന സൗഭാഗ്യങ്ങളേവ? **4**
34. ക്രിസ്തീയ മനഃസാക്ഷി രൂപീകരിക്കാൻ ആവശ്യമായ കാര്യങ്ങൾ എന്തെല്ലാം? **4**
35. മനഃസ്താപ പ്രകരണം എഴുതുക? **5**
36. ഈശോയുടെ സ്നേഹത്തിന്റെ സവിശേഷതകൾ ഏതെല്ലാം? പരസ്നേഹത്തിന്റെ ഉത്തമ മാതൃകയായ ഈശോയെപ്പോലെ മറ്റുള്ളവരെ സ്നേഹിച്ച് നിങ്ങൾക്ക് എപ്രകാരം ഈ ലോകത്തിൽവച്ചുതന്നെ സ്വർഗ്ഗരാജ്യത്തിന്റെ അനുഭവം സ്വന്തമാക്കുവാൻ സാധിക്കും? **5**
37. പേരും പ്രശസ്തിയുമുള്ളവനാകണമെന്നല്ല; മറ്റുള്ളവർക്ക് നന്മ ചെയ്യണമെന്നാണ് വി. അലോഷ്യസ് ഗോൺസാഗ ആഗ്രഹിച്ചത്. വിശദമാക്കുക. ഈ വിശുദ്ധനെ അനുകരിച്ച് സഹോദരങ്ങളെ സേവിക്കുവാൻ നിങ്ങൾ എന്തെല്ലാം ചെയ്യും? **5**
38. സത്യത്തിന് വിരുദ്ധമായ തിന്മകൾ ഏവ? സത്യത്തിന് സാക്ഷ്യം വഹിക്കുകയാണ് ക്രൈസ്തവരുടെ കടമ. നിങ്ങളുടെ ജീവിതത്തിൽ സത്യത്തിന് സാക്ഷ്യം വഹിക്കുവാൻ എങ്ങനെ സാധിക്കും? **5**

# വിശ്വാസപരിശീലനകേന്ദ്രം
## തലശ്ശേരി അതിരൂപത
## ഈസ്റ്റർ പരീക്ഷ - 2023

| | |
|---|---|
| ക്ലാസ്സ് : VIII | സമയം : 2 മണിക്കൂർ |
| തീയതി : 15-04-2023 | മാർക്ക് : 70 |

**I ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക** 5

1. ഈശോയുടെ വിശ്വസ്ത മണവാട്ടിയായ തിരുസഭയുടെ പ്രതിരൂപം.
(രക്തസാക്ഷികൾ, പരി. കന്യകാമറിയം, വിശുദ്ധർ)
2. സകല ജനപദങ്ങൾക്കും വേണ്ടിയുള്ള രക്ഷയുടെ അടയാളം?
(സഭ, കൂദാശകൾ, ജപമാല)
3. മെത്രാൻ സംഘത്തിന്റെ തലവൻ.
(മാർപാപ്പ, കർദ്ദിനാൾ, പാത്രിയാർക്കിസ്)
4. അടിസ്ഥാനപരമായി സഭയെ ഒരു കൂട്ടായ്മ ആക്കുന്നത്?
(നൊവേനകൾ, വിശ്വാസം, നോമ്പ്)
5. ദൈവത്താൽ അയയ്ക്കപ്പെട്ട ആദ്യപ്രേഷിതൻ.
(ഏശയ്യാ, ഈശോ, ജറെമിയ)

**II പൂരിപ്പിക്കുക** 5

6. നമ്മെ വിശുദ്ധീകരിക്കുന്നതിനുള്ള ഉപാധികൾ ..................... ആണ്.
7. വിശ്വാസിയായ ഏതൊരു മനുഷ്യന്റെയും ജീവിതലക്ഷ്യം ............. ആണ്.
8. മാമ്മോദീസായിലൂടെ സഭയിൽ അംഗങ്ങളായിത്തീർന്ന എല്ലാവരും ..................... പൗരോഹിത്യത്തിൽ പങ്കുചേരുന്നു.
9. നാം ദൈവത്തിന്റെ ആലയമായിത്തീരുന്നത് ................. നമ്മിൽ വസിക്കുന്നതുകൊണ്ടാണ്.
10. ജീവന്റെ സുവിശേഷം എന്ന ചാക്രികലേഖനം എഴുതിയത് ........... മാർപാപ്പയാണ്.

## III പേരെഴുതുക 5

11. ഏറ്റവും പ്രധാനപ്പെട്ട ദൈവികസ്ഥാപനം ഏത്?
12. ശ്ലീഹന്മാരുടെ പിൻഗാമികൾ ആര്?
13. കുഷ്ഠരോഗികളെ പരിചരിച്ച് കുഷ്ഠരോഗിയായി മരിച്ച വിശുദ്ധൻ?
14. "അപരനു നന്മ ചെയ്യാൻ പറ്റാത്ത ദിവസം നിന്റെ ആയുസിന്റെ കണക്കിൽ കൂട്ടേണ്ടതില്ല." ആരുടേതാണ് ഈ വാക്കുകൾ?
15. പരിശുദ്ധാത്മാവ് ഒരാലയത്തിലെന്നപോലെ തിരുസഭയിലും വിശ്വാസികളുടെ ഹൃദയത്തിലും വസിക്കുന്നുവെന്ന് പഠിപ്പിച്ച കൗൺസിൽ?

## IV ഒറ്റവാക്കിൽ ഉത്തരമെഴുതുക 5

16. "മിഷനറി" എന്ന പദത്തിന് സമാനമായ സുറിയാനി പദമേത്?
17. ഏഷ്യയിലെ ഏറ്റവും വലിയ അൽമായ സംഘടന ഏത്?
18. ഇന്ത്യയിലെ ആദ്യത്തെ സഞ്ചാരകൃതി ഏത്?
19. സീറോമലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ്?
20. "കേരള കർമ്മലകുസുമം" എന്ന അപരനാമത്തിൽ അറിയപ്പെടുന്ന വിശുദ്ധ?

## V ചേരുംപടി ചേർക്കുക 5

| | | |
|---|---|---|
| 21. എക്ലേസിയ | - | രക്ഷയുടെ ഭവനം |
| 22. മെത്തനോയിയ | - | എല്ലാറ്റിനേയും ആശ്ലേഷിക്കുന്നത് |
| 23. ബേസ് പുർക്കാനാ | - | കൂട്ടായ്മ |
| 24. കൊയ്നോനിയ | - | വിളിച്ചുകൂട്ടപ്പെട്ടവരുടെ സമൂഹം |
| 25. കത്തോലിക്കോസ് | - | തിരിച്ചുവരവ് |

## VI ബൈബിളിൽ നിന്നും ഉദ്ധരിക്കുക 5

26. മംഗളവാർത്താ സമയത്ത് ദൈവദൂതന്റെ വാക്കുകൾക്ക് മാതാവ് നൽകിയ മറുപടി വി. ലൂക്കായുടെ സുവിശേഷത്തിൽ നിന്ന് (ലൂക്കാ 1:38).
27. നമ്മൾ പരിശുദ്ധരായിരിക്കണം എന്ന് സൂചിപ്പിക്കുന്ന തിരുവചനം വി. പത്രോസ് ശ്ലീഹായുടെ ഒന്നാം ലേഖനത്തിൽ നിന്ന് (1 പത്രോസ് 1:15).

**VII ഉത്തരം എഴുതുക**

28. ദൈവത്തിന്റെ വിളിക്ക് അബ്രാഹം പ്രത്യുത്തരം നൽകിയതെങ്ങനെ? **2**

29. രക്ഷയുടെ അനുഭവം എന്താണ്? **2**

30. അല്മായർ തങ്ങളുടെ പ്രവാചകദൗത്യം എങ്ങനെയാണ് നിറവേറ്റുന്നത്? **3**

31. സാർവ്വത്രിക സൂനഹദോസുകളുടെ ഉദ്ദേശ്യം എന്ത്? **3**

32. ശുദ്ധതയിൽ വളരാൻ ശ്രദ്ധിക്കേണ്ട കാര്യങ്ങളിൽ ഏതെങ്കിലും ആറെണ്ണം എഴുതുക? **3**

33. ശ്ലീഹന്മാരുടെ വിശ്വാസാനുഭവം സഭയുടെ അടിത്തറയാകുന്നതെങ്ങനെ? ശ്ലീഹന്മാരിലൂടെ കൈവന്ന വിശ്വാസപൈതൃകം നിങ്ങൾ എപ്രകാരം സംരക്ഷിച്ച് ജീവിക്കും? **4**

34. സഭ പരിശുദ്ധയായിരിക്കുന്നത് എന്തുകൊണ്ട്? **4**

35. ആരോഗ്യപരമായ വ്യക്തിബന്ധത്തിന്റെ ലക്ഷണങ്ങൾ എഴുതുക? നിങ്ങൾക്ക് എപ്രകാരം മറ്റുള്ളവരുമായി നല്ല വ്യക്തിബന്ധങ്ങൾ സൂക്ഷിക്കുവാൻ കഴിയും? **4**

36. തിരുസഭയുടെ കല്പനകൾ എഴുതുക? **5**

37. മാർത്തോമ്മാ നസ്രാണികളുടെ മരിയഭക്തി എപ്രകാരമായിരുന്നു? ദൈവമാതൃഭകതിയിൽ വളരാൻ നിങ്ങൾക്ക് എന്തെല്ലാം ചെയ്യാൻ സാധിക്കും? **5**

38. ഓരോ ക്രൈസ്തവനും പ്രേഷിതനാണ്. വിശദമാക്കുക. സഭാമക്കൾ എന്ന നിലയിൽ സഭയുടെ പ്രേഷിതദൗത്യത്തിൽ നിങ്ങൾക്ക് എങ്ങനെ പങ്കുചേരാം? നിങ്ങൾ ഇതിനായി എന്തെല്ലാം ചെയ്യും? **5**

# വിശ്വാസപരിശീലനകേന്ദ്രം
## തലശ്ശേരി അതിരൂപത
## ഈസ്റ്റർ പരീക്ഷ 2023

| | |
|---|---|
| ക്ലാസ്സ് : IX | സമയം : 2 മണിക്കൂർ |
| തീയതി : 15-04-2023 | മാർക്ക് : 70 |

**I ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക** **5**

1. ഈശോയുടെ മാമ്മോദീസായും പരസ്യജീവിതവും പ്രത്യേകമായി അനുസ്മരിക്കുന്ന കാലം.

   (മംഗളവാർത്തക്കാലം, ദനഹാക്കാലം, പിറവിക്കാലം)

2. മനുഷ്യകുലത്തിന്റെ രക്ഷയുടെ അടയാളം.

   (കുരിശ്, മാമ്മോദീസാത്തൊട്ടി, കെടാവിളക്ക്)

3. സഭാസമൂഹത്തിന്റെ പരസ്യമായ വിശ്വാസപ്രഘോഷണം.

   (സുവിശേഷപ്രസംഗം, സ്ലീവാചുംബനം, ദൈവാരാധന)

4. പൗരോഹിത്യാധികാരത്തെയും പരിശുദ്ധിയെയും സൂചിപ്പിക്കുന്ന തിരുവസ്ത്രം.

   (പൈന, ഊറാറ, സൂനാറ)

5. "രക്ഷയുടെ സദ്വാർത്തയായ സത്യത്തിന്റെ വചനം" എന്ന് ദൈവവചനത്തെ വിശേഷിപ്പിച്ചത്.

   (വി. പൗലോസ് ശ്ലീഹാ, വി. പത്രോസ് ശ്ലീഹാ, വി. യോഹന്നാൻ ശ്ലീഹാ)

**II ഉത്തരമെഴുതുക** **5**

6. പൗരസ്ത്യ സുറിയാനി പഞ്ചാംഗം അനുസരിച്ച് ആരാധനാവത്സരത്തെ എത്രകാലങ്ങളായി തിരിച്ചിരിക്കുന്നു?
7. "കേരള പഞ്ചക്ഷത" എന്ന അപരനാമത്തിൽ അറിയപ്പെടുന്ന വിശുദ്ധ ആര്?
8. "എക്ലേസിയ" എന്ന വാക്കിന്റെ അർത്ഥമെന്ത്?
9. വർത്തമാന പുസ്തകത്തിന്റെ രചയിതാവ്?
10. "സഭ സ്വഭാവത്താലെ പ്രേഷിതയാണ്" എന്ന് പഠിപ്പിച്ച കൗൺസിൽ?

## III പൂരിപ്പിക്കുക 5

11. പാപമോചനവും ............ ഉം നൽകി നമ്മുടെ ആത്മശരീരങ്ങൾക്ക് ആരോഗ്യം നൽകുന്ന കൂദാശയാണ് രോഗീലേപനം.
12. ഓരോ ക്രൈസ്തവനും ............. ലൂടെ പന്തക്കുസ്താനുഭവത്തിൽ പങ്കുചേരുന്നു.
13. സഭയുടെ വിശ്വാസത്തിന്റെ ആഘോഷവും അനുഷ്ഠാനവും ................ ആണ്.
14. സഭയുടെ ആരാധനാജീവിതം മുഴുവൻ കുർബാന, ................ എന്നിവയ്ക്കു ചുറ്റുമാണ് ഭ്രമണം ചെയ്യുന്നത്.
15. ................ ലൂടെ ഓരോ വ്യക്തിയും ഈശോയുടെ പൗരോഹിത്യ ത്തിൽ പങ്കുചേരുന്നു.

## IV ഒറ്റവാക്കിൽ ഉത്തരമെഴുതുക 5

16. "ആഴ്സിലെ വിശുദ്ധൻ" എന്ന പേരിൽ അറിയപ്പെടുന്നതാര്?
17. "ക്രിസ്താനുകരണം" എന്ന കൃതിയുടെ കർത്താവ്?
18. ദൈവശാസ്ത്രജ്ഞന്മാരുടെ ദൈവശാസ്ത്രജ്ഞനും വേദപാരംഗത ന്മാരുടെ വേദപാരംഗതനുമായ വിശുദ്ധൻ?
19. "ആഗ്നസ്" എന്ന പേരിന്റെ അർത്ഥം?
20. വി. ജാന്ന ബെറോത്തയുടെ തിരുന്നാൾദിനം?

## V ചേരുംപടി ചേർക്കുക 5

| | | |
|---|---|---|
| 21. ശ്ലീഹാ | - | തിരിഞ്ഞുനോക്കൽ |
| 22. പേത്തുർത്താ | - | അഭിഷിക്തൻ |
| 23. മിശിഹാ | - | സമർപ്പിക്കുക |
| 24. അനാഫൊറ | - | അടയാളങ്ങൾ |
| 25. കൂദാശകൾ | - | അയയ്ക്കപ്പെട്ടവൻ |

## VI ബൈബിളിൽ നിന്നും ഉദ്ധരിക്കുക 5

26. പുരോഹിതർക്ക് പാപമോചനാധികാരം ഉണ്ടെന്ന് വ്യക്തമാ ക്കുന്ന തിരുവചനം വി. യോഹന്നാന്റെ സുവിശേഷത്തിൽ നിന്ന് (യോഹ 20:23).

27. ഭാര്യാഭർത്തൃ സ്നേഹത്തെക്കുറിച്ചും പരസ്പര ബഹുമാനത്തെ ക്കുറിച്ചും വി. പൗലോസ് ശ്ലീഹാ പറഞ്ഞ വചനം എഫേസോസുകാർ ക്കുള്ള ലേഖനത്തിൽ നിന്ന് (എഫേ 5:33).

## VII ഉത്തരം എഴുതുക

28. സന്ന്യാസജീവിതത്തിന്റെ അടിസ്ഥാനനിയമം എന്ത്? **2**

29. സീറോ മലബാർ സഭയുടെ വി. കുർബാനയിലെ മൂന്ന് രൂപങ്ങൾ ഏതൊക്കെ? **2**

30. ദൈവവചനത്തിലൂടെ വെളിപ്പെടുത്തപ്പെട്ട കാതലായ വിശ്വാസ സത്യങ്ങൾ ഏതെല്ലാം? **2**

31. ഉത്ഥാനഗീതം നമ്മെ അനുസ്മരിപ്പിക്കുന്നതെന്ത്? **3**

32. വിവാഹമെന്ന കൂദാശയുടെ ലക്ഷ്യങ്ങൾ ഏവ? **3**

33. അനുരഞ്ജന കൂദാശ വഴി പുനഃസ്ഥാപിക്കപ്പെടുന്ന നാല് തല ങ്ങളിലുള്ള ബന്ധങ്ങൾ ഏതെല്ലാം? ഈ ബന്ധങ്ങളിൽ നില നിൽക്കാൻ നിങ്ങൾക്ക് എന്തെല്ലാം ചെയ്യാൻ സാധിക്കും? **4**

34. ഏലിയ-സ്ലീവാ-മൂശക്കാലത്തിൽ സഭ ധ്യാനവിഷയമാക്കുന്നത് എന്ത്? **4**

35. വി. ജാന്ന ബെറേത്തയുടെ ജീവിതം നമുക്ക് തരുന്ന സന്ദേശം എന്ത്? മനുഷ്യജീവന് വില നൽകാത്ത ഇന്നത്തെ കാലഘട്ടത്തിൽ ജീവന്റെ കാവലാളാകാൻ നിങ്ങൾക്ക് എങ്ങനെ കഴിയും? **5**

36. തിരുസഭയുടെ കല്പനകൾ എഴുതുക? **5**

37. സന്യാസം ദൈവരാജ്യത്തിന്റെ അടയാളമാണെന്ന് പറയുന്നതെ ന്തുകൊണ്ട്? ദൈവരാജ്യത്തിന്റെ അടയാളമായ ദൈവവിളി പരി പോഷണത്തിന് നിങ്ങൾക്ക് എന്തെല്ലാം ചെയ്യാൻ സാധിക്കും? **5**

38. ക്രൈസ്തവജീവിതത്തിന്റെ ശക്തികേന്ദ്രമായ വി. കുർബാനയുടെ ഫലങ്ങൾ എന്തെല്ലാം? വി. കുർബാനയിൽ താത്പര്യത്തോടെ പങ്കെ ടുത്ത് നിങ്ങളുടെ ജീവിതം എങ്ങനെ ധന്യവും രക്ഷാകരവുമാക്കാൻ സാധിക്കും? **5**

# വിശ്വാസപരിശീലനകേന്ദ്രം

## തലശ്ശേരി അതിരൂപത

## ഈസ്റ്റർ പരീക്ഷ - 2023

ക്ലാസ്സ് : X സമയം : 2 മണിക്കൂർ

തീയതി : 15-04-2023 മാർക്ക് : 70

**I ഏറ്റവും ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക 5**

1. ''മീത്തരെ'' എന്ന പദത്തിന്റെ അർത്ഥം എന്ത്?
(സുവിശേഷം, അയയ്ക്കുക, പ്രഘോഷിക്കുക)

2. ദൈവത്തിന്റെ ഇഷ്ടം നിറവേറ്റപ്പെടുന്ന അവസ്ഥ?
(ദൈവരാജ്യം, പരസ്നേഹം, നീതി)

3. പിതാവിന്റെ സന്നിധിയിൽ മനുഷ്യർക്ക് പ്രവേശനം ലഭിക്കുന്നത്.
(ഈശോമിശിഹായിലൂടെ, മറിയത്തിലൂടെ, വിശുദ്ധരിലൂടെ)

4. ''വീടുപണിയുമ്പോൾ ഒരു മുറി ഈശോയ്ക്കായി നീക്കിവയ്ക്കണം. അത് വഴിപോക്കർക്കും ഭവനരഹിതർക്കുമായി തുറന്നിടുകയും വേണം.'' ഇപ്രകാരം പറഞ്ഞതാര്?
(വി. ബേസിൽ, വി. ജെറോം, വി. ക്രിസോസ്തോം)

5. ദൈവവചനത്തിന്റെ കാതൽ.
(സ്നേഹം, നന്മ, കാരുണ്യം)

**II പൂരിപ്പിക്കുക 5**

6. ഈ ലോകത്തിൽ ഈശോയുടെ തുടർച്ചയും കൂദാശയുമാണ് .......................

7. മാർത്തോമ്മാ നസ്രാണികൾ തങ്ങളുടെ വിശ്വാസാധിഷ്ഠിത ജീവിതം കൊണ്ട് ..................... ന്റെ പ്രേഷിതരായിരുന്നു.

8. സന്യാസത്തിലെ ഏറ്റവും അടിസ്ഥാനപരമായ നിയമം സുവിശേഷത്തിലെ മിശിഹായെ ................ എന്നതാണ്.

9. ഈശോ നടത്തിയ ഏറ്റവും വലിയ സുവിശേഷപ്രഘോഷണം ............... ആയിരുന്നു.

10. ഓരോ ക്രിസ്ത്യാനിയുടെയും ഒന്നാമത്തെ മിഷൻ പ്രവർത്തനം ................... ആണ്.

## III പേരെഴുതുക 5

11. സീറോമലബാർ സഭയുടെ ദൈവാലയത്തിൽ ദൈവജനം നില്ക്കുന്ന സ്ഥലത്തിന്റെ പേരെന്ത്?
12. കെസിബിസി പ്രസിഡന്റ് ആര്?
13. "കന്തീശ" എന്ന സുറിയാനി പദത്തിന്റെ അർത്ഥമെന്ത്?
14. വി. ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ ഡയറിക്കുറിപ്പിന്റെ പേരെന്ത്?
15. ഭാരതത്തിലെ പ്രഥമ അല്മായ രക്തസാക്ഷി?

## IV ഒറ്റവാക്കിൽ ഉത്തരമെഴുതുക 5

16. സ്നേഹത്തിന്റെ ഉദാത്തഭാവം?
17. സംഘടനകൾ പോലെതന്നെ ഇടവകകളുടെ സജീവത്വത്തിനും വളർച്ചയ്ക്കും സഹായകമായ ഘടകം?
18. ക്രൈസ്തവ സന്യാസത്തിന്റെ പിള്ളത്തൊട്ടിൽ?
19. ശുശ്രൂഷാ പൗരോഹിത്യത്തിന്റെ പൂർണ്ണത നൽകപ്പെട്ടിരിക്കുന്നത് ആർക്കാണ്?
20. ക്രൈസ്തവ ജീവിതത്തിന്റെ പ്രഥമ വിദ്യാലയവും ഉന്നത മാനവികതയുടെ പാഠശാലയും?

## V ചേരുംപടി ചേർക്കുക 5

21. പരിശുദ്ധാത്മാവിന്റെ വീണ - വി. മാക്സ് മില്യൻ കോൾബേ
22. ദൈവത്തിന്റെ നഗരം - വി. കുര്യാക്കോസ് ഏലിയാസച്ചൻ
23. വൈദിക പ്രേഷിതത്വം - വി. അപ്രേം
24. മുദ്രാലയ പ്രേഷിതത്വം - വി. ജോൺ മരിയ വിയാനി
25. ക്രിസ്തീയ സ്നേഹം - വി. അഗസ്റ്റിൻ

## VI ബൈബിളിൽ നിന്നും ഉദ്ധരിക്കുക 4

26. സുവിശേഷപ്രഘോഷണം ഓരോ വിശ്വാസിയുടെയും കടമയാണെന്ന് സൂചിപ്പിക്കുന്ന തിരുവചനം കോറിന്തോസുകാർക്കുള്ള ഒന്നാം ലേഖനത്തിൽ നിന്ന്.
27. നമ്മുടെ സത്പ്രവർത്തികൾ മറ്റുള്ളവർക്ക് ദൈവത്തെ മഹത്വപ്പെടുത്തുവാനുള്ള പ്രചോദനമാകണം എന്ന് വ്യക്തമാക്കുന്ന തിരുവചനം വി. മത്തായിയുടെ സുവിശേഷത്തിൽ നിന്ന്.

**VII ഉത്തരം എഴുതുക**

28. വി. അൽഫോൻസാമ്മയുടെ ജീവിതസന്ദേശം എഴുതുക? **2**

29. വി. ചാവറയച്ചന്റെ പുണ്യവചനം എഴുതുക? **2**

30. വി. ഡൊമിനിക് സാവിയോയുടെ ജീവിതസന്ദേശം എഴുതുക? **2**

31. മധ്യസ്ഥ പ്രാർത്ഥന എന്നാൽ എന്ത്? നിങ്ങളുടെ മാതാപിതാക്കളെയും സഹോദരങ്ങളെയും ദൈവത്തിനു സമർപ്പിച്ചുകൊണ്ട് ഒരു പ്രാർത്ഥന തയ്യാറാക്കുക? **3**

32. തിരുപ്പട്ട കൂദാശ എന്നാൽ എന്ത്? **3**

33. വി. കൊച്ചുത്രേസ്യായുടെ പുണ്യവചനം എഴുതുക? ഉണ്ണീശോയുടെ കൈയിലെ കളിപ്പന്താണ് ഞാൻ എന്ന് കൊച്ചുത്രേസ്യാ പറയാനുള്ള കാരണങ്ങൾ എന്തെല്ലാമായിരുന്നു? **4**

34. വിശുദ്ധ കുർബാന യോഗ്യതയോടെ സ്വീകരിക്കാൻ വേണ്ട കാര്യങ്ങൾ എത്ര? ഏവ? **5**

35. രോഗികളോടുള്ള പ്രധാന ക്രൈസ്തവ ദൗത്യങ്ങൾ ഏവ? ഈശോയ്ക്കുവേണ്ടി രോഗികളെയും അനാഥരെയും സ്നേഹപൂർവ്വം ശുശ്രൂഷിച്ച വിശുദ്ധരെ അനുകരിച്ച് നിങ്ങളുടെ ഭവനത്തിലോ ഇടവകയിലോ രോഗികളായി കഴിയുന്ന വ്യക്തികളെ നിങ്ങൾക്ക് എങ്ങനെയെല്ലാം സഹായിക്കാൻ സാധിക്കും? **5**

# വിശ്വാസപരിശീലനകേന്ദ്രം

## തലശ്ശേരി അതിരൂപത

## ഈസ്റ്റർ പരീക്ഷ - 2023

| | |
|---|---|
| ക്ലാസ്സ് : XI | സമയം : 2 മണിക്കൂർ |
| തീയതി : 15-04-2023 | മാർക്ക് : 70 |

**I ഏറ്റവും ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക 5**

1. ഈശോയുടെ പ്രബോധനങ്ങളുടെ സാരത്തിന് പറയുന്ന പേര്?
(ഉപമകൾ, സുവിശേഷഭാഗ്യങ്ങൾ, ഉപദേശങ്ങൾ)
2. "രക്ഷ" എന്ന വാക്കുകൊണ്ട് അർത്ഥമാക്കുന്നത്?
(വിമോചനം, അഭിഷേകം, നീതി)
3. "നിരപരാധികളെ വധിക്കാൻ അനുവദിക്കുന്ന ഒരു രാഷ്ട്രം ഒരിക്കലും ലോകത്തിൽ ഒന്നാമതാകില്ല" ആരുടേതാണ് ഈ വാക്കുകൾ?
(വി. ജെറോം, വി. ബേസിൽ, വി. മദർ തെരേസ)
4. ഓരോരുത്തർക്കും അവകാശപ്പെട്ടത് നല്കുന്നത്?
(നീതി, കരുണ, ഔദാര്യം)
5. ഈശോയുടെ വ്യക്തിപ്രഭാവത്തിന്റെ മുഴുവൻ അടിസ്ഥാനമായി നിലകൊള്ളുന്നത്?
(ക്ഷമാശീലം, വിധേയത്വം, ദൈവപുത്രത്വം)

**II പൂരിപ്പിക്കുക 5**

6. മനഃസാക്ഷിയെ നന്മയിൽ നിലനിർത്തുന്ന നിർണായക ശക്തി .................... ആണ്.
7. ക്രൈസ്തവ വിവാഹത്തിന്റെ സവിശേഷതയായി .................... നിലകൊള്ളുന്നു.
8. തന്റെ സ്നേഹത്തിലും ...................... ലും പങ്കുചേരുവാൻ വിവാഹ ജീവിതത്തിലൂടെ സ്ത്രീപുരുഷന്മാരെ ദൈവം വിളിക്കുന്നു.
9. തൊഴിൽശാലകളിൽ ക്രിസ്തുവിന്റെ സാന്നിധ്യം ഉറപ്പാക്കേണ്ടത് അവിടെ ജോലി ചെയ്യുന്ന ............. ആണ്.
10. ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം എല്ലാ മൂല്യങ്ങളും ദൈവസ്നേഹത്തിലും ................ ലും അധിഷ്ഠിതമായിരിക്കണം.

**III ഉത്തരമെഴുതുക** **5**

11. ''ദുരുപയോഗം കൊണ്ടോ ഉപയോഗരാഹിത്യം കൊണ്ടോ സ്വത്തിനെ നശിപ്പിക്കാനോ നഷ്ടപ്പെടുത്താനോ പാടുള്ളതല്ല.'' ആരുടേതാണ് ഈ വാക്കുകൾ?
12. ''യഹൂദ പൗരാണികത്വം'' എന്ന കൃതിയുടെ രചയിതാവാര്?
13. ക്രൈസ്തവസഭ ദർശിച്ച ഏറ്റവും തീക്ഷ്ണമതിയായ പ്രേഷിത ശ്രേഷ്ഠൻ ആര്?
14. ''സാമൂഹികൗത്സുക്യം'' എന്ന ചാക്രികലേഖനം എഴുതിയ മാർപാപ്പ?
15. ''നസ്രായനായ ഈശോ ഇന്ന് ജീവിച്ചിരുന്നെങ്കിൽ ഞാൻ അദ്ദേഹത്തിന്റെ പാദങ്ങൾ കഴുകുമായിരുന്നു; കണ്ണീരുകൊണ്ടല്ല, എന്റെ ഹൃദയരക്തം കൊണ്ട്.'' ഇപ്രകാരം പറഞ്ഞതാര്?

**IV ഒറ്റവാക്കിൽ ഉത്തരമെഴുതുക** **5**

16. പൗരസ്ത്യ സുറിയാനി പഞ്ചാംഗം അനുസരിച്ച് ആരാധനാവത്സരത്തെ എത്രകാലങ്ങളായി തിരിച്ചിരിക്കുന്നു?
17. "തോമസ്" എന്ന പേരിന്റെ അരമായ ഭാഷയിലെ അർത്ഥമെന്ത്?
18. ഇന്ത്യയിലെ ആദ്യത്തെ സഞ്ചാരകൃതി ഏത്?
19. കേരളത്തിലെ ആദ്യത്തെ സ്വദേശി വികാരി ജനറാളായ നിധീരിക്കൽ മാണിക്കത്തനാർ 1887-ൽ ആരംഭിച്ച പത്രം?
20. സി.ബി.സി.ഐ. പ്രസിഡണ്ട് ആര്?

**V ബൈബിളിൽ നിന്നും ഉദ്ധരിക്കുക** **4**

21. മനുഷ്യൻ തന്റെ സത്പ്രവത്തികളിലൂടെ സ്വർഗ്ഗസ്ഥനായ പിതാവിനെ മഹത്വപ്പെടുത്തണമെന്ന് വ്യക്തമാക്കുന്ന തിരുവചനം വി. മത്തായിയുടെ സുവിശേഷത്തിൽ നിന്ന്.
22. ദൈവത്തിൽ ആശ്രയിക്കുന്നവന് ലഭിക്കുന്ന അനുഗ്രഹത്തെക്കുറിച്ചുള്ള സങ്കീർത്തകന്റെ പ്രാർത്ഥന സങ്കീർത്തന പുസ്തകത്തിൽ നിന്ന്.

**VI ഉത്തരം എഴുതുക**

23. സാമൂഹികതിന്മ എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്? **2**
24. പാപകരമായ മനഃസാക്ഷി എന്നാൽ എന്ത്? **2**

25. ലോകരക്ഷകനായ ഈശോ എങ്ങനെയാണ് എന്റെ രക്ഷകനായി ത്തീരുന്നത്? വിശദമാക്കുക. **3**

26. ലൈംഗികത എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്? **3**

27. സമ്പത്തിന്റെ വിനിയോഗത്തിൽ നാം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം? **3**

28. മാർത്തോമ്മാ നസ്രാണി സഭയിൽ ഉദയംപേരൂർ സൂനഹദോസ് വരുത്തിയ മാറ്റങ്ങൾ എന്തെല്ലാം? **4**

29. ക്രിസ്തീയ ജീവിതശൈലി സ്വന്തമാക്കുന്നവനിൽ പ്രകടമാകുന്ന പ്രത്യേകതകൾ ഏവ? **4**

30. "കൂനൻ കുരിശുസത്യം" മാർപാപ്പയ്ക്ക് എതിരായിരുന്നില്ല. സമർ ത്ഥിക്കുക. **5**

31. മയക്കുമരുന്ന് ഉപയോഗം യുവതലമുറയെ നശിപ്പിക്കുന്ന ശക്തി യാണെന്ന് പറയുന്നതെന്തുകൊണ്ട്? മയക്കുമരുന്നിന് അടിമയായ സുഹൃത്തിനെ അതിൽ നിന്നും വിമോചിപ്പിക്കാൻ നിങ്ങൾക്ക് എന്തെല്ലാം ചെയ്യാൻ സാധിക്കും? **5**

32. അനുരഞ്ജന കൂദാശയ്ക്ക് ഒരുക്കമായുള്ള കാര്യങ്ങൾ എഴുതുക. **5**

33. ക്രൈസ്തവർ ഭൂമിയുടെ ഉപ്പാണ് എന്ന് പറയുന്നതുവഴി അർത്ഥ മാക്കുന്നതെന്ത്? ഭൂമിയുടെ ഉപ്പായി ജീവിച്ച് സഭയിലും സമൂഹത്തിലും ഈശോയ്ക്ക് സാക്ഷികളായിരിക്കുവാൻ വിളിക്കപ്പെട്ടവരാണ് നാം. ഏതെല്ലാം വിധത്തിൽ നിങ്ങൾക്ക് ഈശോയ്ക്ക് സാക്ഷികളാകുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുക. **5**

34. "അധ്വാനം ദൈവാരാധനയിലുള്ള പങ്കുചേരലും അധ്വാനിച്ചു ജീവിക്കുക എന്നത് മനുഷ്യന്റെ കടമയുമാണ്." വ്യക്തമാക്കുക. എല്ലാ തൊഴിലുകളും മാന്യത ഉള്ളതാണെന്ന കാഴ്ചപ്പാട് സമൂഹ ത്തിൽ വളർത്തിയെടുക്കാൻ നിങ്ങൾക്ക് എന്തെല്ലാം ചെയ്യാൻ സാധിക്കും? **5**